"ഭരണഭാഷ-മാതൃഭാഷ"

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

**കേരള പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്**

ഇണ്ടാസ് നം: E1-18681/2022/PrHQ ; തീയതി : 04-08-2022

ഉദ്യോഗസ്ഥ-ഭരണപരിഷ്ക്കാര (ഉപദേശ-സി) വകുപ്പിൻെറ 11/07/2022 തീയതിയിലെ സഉ(കൈ) നം 18/2022/ഉഭപവ നമ്പർ ഉത്തരവ് അറിവിലേക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഷിബു ആർ
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസിനു വേണ്ടി

സ്വീകർത്താവ്: **ഡി.ഐ.ജി(പ്രിസൺസ്)**
ഉത്തരമേഖല/മദ്ധ്യമേഖല/ദക്ഷിണമേഖല

പകർപ്പ് : എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും
ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും

E1-18681/2022/PrHQ

416c0e

18681/2022

കേരള സർക്കാർ

സംഗ്രഹം

വകുപ്പുതല പരീക്ഷ സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ്

സ.ഉ (കൈ) നം. 18/2022/ ഉ.ഭ.പ.വ. തിരുവനന്തപുരം, തീയതി : 11.07.2022

---

പരാമർശം:- 1 കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 29.04.2022 തീയതിയിലെ A5-1/5255/15/GW നമ്പർ കത്ത്.

**ഉത്തരവ്**

വകുപ്പുതല പരീക്ഷ സർട്ടിഫിക്കറ്റ് വ്യാജമായി നിർമ്മിച്ച് ചില ജീവനക്കാർ സ്ഥാനക്കയറ്റം നേടുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും, അതിനാൽ ഈ പ്രവണത പൂർണ്ണമായും ഒഴിവാക്കുന്നതിന് വകുപ്പുതല പരീക്ഷ സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന (1) കത്ത് പ്രകാരം പി.എസ്.സി. ലഭ്യമാക്കിയിരുന്നു. വകുപ്പുതല സർട്ടിഫിക്കറ്റുകളുടെ ആധികാരികത ഉറപ്പ് വരുത്തുന്നതിനായി , എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകണമെന്നും പി.എസ്.സി. സെക്രട്ടറി അഭ്യർത്ഥിച്ചിരിന്നു.

2 സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ജീവനക്കാർ ഹാജരാക്കുന്ന വകുപ്പുതല പരീക്ഷ സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടത് വളരെ അത്യാവശ്യമാണ്. ആയതിനാൽ താഴെ പറയുന്ന മാർഗങ്ങളിലൂടെ എല്ലാ വകുപ്പ് മേധാവികളും ജീവനക്കാർ ഹാജരാക്കുന്ന വകുപ്പുതല പരീക്ഷ സർട്ടിഫിക്കറ്റിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

(a) വകുപ്പുതല പരീക്ഷയ്ക്ക് ജീവനക്കാർക്ക് പി.എസ്.സി. നൽകിയ സർട്ടിഫിക്കറ്റ് ഓൺലൈൻ സർട്ടിഫിക്കറ്റാണെങ്കിൽ, അതിന്റെ ആധികാരികത താഴെ പറയും പ്രകാരമുള്ള ഏതെങ്കിലും രീതിയിൽ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

i. വകുപ്പുതല പരീക്ഷ സർട്ടിഫിക്കറ്റ് പരിശോധനക്കായി അധികാരപ്പെട്ട ഉദ്യോഗസ്ഥരുടെ മോബൈൽ ഫോണിലെ സ്കാനർ സൗകര്യം ഉപയോഗിച്ച് Q R കോഡ് സ്കാൻ ചെയ്ത് പരിശോധിക്കുക.

ii. http://psc.kerala.gov.in/kpsc/certverify.php എന്ന വെബ് പേജ് സന്ദർശിച്ച് സർട്ടിഫിക്കറ്റ് ഐ.ഡി, സർട്ടിഫിക്കറ്റ് ഉടമയുടെ പേര് എന്നിവ നൽകി പരിശോധിക്കുക.

(b) എഴുതി തയാറാക്കിയ വകുപ്പുതല പരീക്ഷ സർട്ടിഫിക്കറ്റാണെങ്കിൽ, അതിന്റെ പകർപ്പ് Joint Secretary, Departmental Test Wing, Kerala Public Service Commission, Pattom, Thiruvananthapuram - 4 എന്ന വിലാസത്തിൽ അയച്ചു നൽകി ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
**ഡോ. ആഷ തോമസ് ഐ.എ.എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ മേധാവികൾക്കും/നിയമനാധികാരികൾക്കും,
എല്ലാ ജില്ലാ കളക്ടർമാർക്കും
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം/ തിരുവനന്തപുരം(ആമുഖ കത്തു സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം).
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
രജിസ്ട്രാർ, കേരളാ/മഹാത്മാഗാന്ധി /കൊച്ചി/കോഴിക്കോട്/കണ്ണൂർ യൂണിവേഴ്സിറ്റി.(ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരളാ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി തൃശ്ശൂർ/കേരളാ വെറ്റിനറി യൂണിവേഴ്സിറ്റി /ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല കാലടി, ( ആമുഖ കത്ത് സഹിതം).
നിയമം, ധനകാര്യം, ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും.

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വിപുലമായ പ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ (സർക്കാരിന്റെ ഔദ്യാഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
നോഡൽ ഓഫീസർ, P& ARD (P& ARD യുടെ www.pard.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ